**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ ഭവന നിർമ്മാണ ധനസഹായം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2746 — 09-05-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| ശ്രീ. എസ്.രാജേന്ദ്രൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ദേവികുളം ബ്ലോക്ക് പഞ്ചായത്ത് മുഖേന 2016-17-ലെ ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധന സഹായം അനുവദിച്ചത് എത്രപേർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | 179 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവർക്ക് ,ഗഡുക്കളായി ലഭിക്കേണ്ട തുക, ലഭ്യമാക്കുന്നതിൽ കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട് |
| (സി) | ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ഇന്ദിര ആവാസ് യോജന പദ്ധതിയിൽ 2014-2015, 2015-2016 വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് അധിക ധനസഹായമായി ഇനി നൽകാനുള്ളത് 142 കോടി രൂപയാണ്. ഇതിൽ 73.33 കോടി രൂപ അനുവദിച്ചു. ടി തുക ഗുണഭോക്താക്കൾക്ക് കൈമാറുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. 2015-2016 വർഷത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള അധിക ധന സഹായമായി 107.6 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള അധിക ധന സഹായത്തിനായി 8.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുക ഗുണഭോക്താക്കൾക്ക് കൈമാറുന്ന നടപടിയും അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | ഇല്ലെങ്കിൽ അവ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**